# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1282.

15..6..2012-ൽ മറുപടിക്ക്

## കാലിത്തീറ്റ ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ<br>,, കെ. വി. വിജയദാസ്<br>,, കെ. ദാസൻ<br>,, എം. ഹംസ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിന് സർക്കാർ സംവിധാനത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; | (എ) സർക്കാർ നിയന്ത്രണത്തിലുള്ള കേരളാ ഫീഡ്സിനു പുറമേ സഹകരണ സ്ഥാപനമായ കേരളാ കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡും (മിൽമ) കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ ക്ഷീരകർഷകർക്ക് ആവശ്യമായി വരുന്ന കാലിത്തീറ്റ ലഭ്യമാക്കുന്നതിന് പ്രാപ്തരാണോ;<br><br>(സി) ഇല്ലെങ്കിൽ ഉൽപാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) & (സി) കാലിത്തീറ്റയുടെ വർദ്ധിച്ചു വരുന്ന ആവശ്യകത കണക്കിലെടുത്ത് കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ കല്ലേറ്റുങ്കര പ്ലാന്റിന്റെ സ്ഥാപിത ഉല്പാദനശേഷി 500 മെട്രിക് ടണ്ണിൽ നിന്നും 650 മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള പ്രൈമ ഫീഡ്സിന്റെ ഫാക്ടറി മുഴുവനായും വാടകയ്ക്കെടുത്ത് പ്രതിദിനം 150 ടണ്ണോളം കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. ഇതോടൊപ്പം കരുനാഗപ്പള്ളിയിൽ പുതിയ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. |

(ഡി) ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ സർക്കാർ സംവിധാനത്തിൻ കീഴിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ഡി) കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിൽ പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനു വേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലും പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനു വേണ്ട ആലോചനാ യോഗങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ.